**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള താല്ക്കാലിക തസ്തികമാറ്റനിയമനം നൽകുന്നതിന് ~~തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക്~~ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.1192/2016/തസ്വഭവ. തിയ്യതി, തിരുവനന്തപുരം, 04-03-2016.

---

പരാമർശം 1. 23-08-2012-ലെ സ.ഉ (കൈ) നം. 41/2012/ഉഭപവ.

2. 23-11-2013-ലെ സ.ഉ. (സാധ) നം. 2869/2013/തസ്വഭവ.

3. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08-10-2014, 09-03-2015 തീയതികളിലെ. എ 2-12471/2014/സി.ഇ./തസ്വഭവ. നം. കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ യു.ഡി.ടൈപ്പിസ്റ്റുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനുള്ള അനുമതിക്കായി പരാമർശം 3 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിച്ചിരുന്നു. അപ്രകാരം 10 അപേക്ഷകൾ ലഭിച്ചതിൽ 4 പേർ തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് ആഗിരണം ചെയ്യപ്പെട്ട പ്പോൾതന്നെ യു.ഡി.ടൈപ്പിസ്റ്റായിട്ടുള്ളവരും 4 പേർ പ്രൊവിഷണൽ പ്രൊമോഷൻ മുഖേന യു.ഡി.ടൈപ്പിസ്റ്റായവരും 2 പേർ വകുപ്പിൽ തുടർന്നുവരുന്നവരുമാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഭരണപരമായ അത്യാവശ്യം പരിഗണിച്ചും, പൊതുതാല്പര്യാർത്ഥവും KS&SSRs Part II, ചട്ടം 31 (a) (i) പ്രകാരം ജൂനിയർ സൂപ്രണ്ട് വരെയുള്ള തസ്തികകളിൽ യോഗ്യരായവർക്ക് താല്ക്കാലികമായി സ്ഥാനക്കയറ്റം നൽകുവാൻ പരാമർശം 3 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഭരണപരമായ അത്യാവശ്യം കണക്കിലെടുത്തും പൊതുതാല്പര്യാർത്ഥവുമാണ് വിവിധ വകുപ്പുകളിൽനിന്ന് ജീവനക്കാർ സർക്കാർ സ്പോൺസർ ചെയ്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ option നൽകി തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ പ്രവേശിച്ചത് എന്നതിനാൽ മേൽപ്പറഞ്ഞപ്രകാരം വിവിധ തസ്തികകളിലേക്ക് താല്ക്കാലിക പ്രൊമോഷൻ നൽകിയതു പോലെ, മിനിസ്റ്റീരിയൽ കേഡർ രൂപീകരണം അനന്തമായി

നീണ്ടുപോകുന്ന സാഹചര്യ ത്തിൽ, യു.ഡി. ടൈപ്പിസ്റ്റുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അപ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി യോഗ്യരായ ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമായ അനുപാതത്തിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് താല്ക്കാലിക നിയമനം നൽകുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു:

(1) 26-09-1968-ലെ GO (MS) No.301/68/PD., 23/8/2012-ലെ GO (MS) No.41/ 2012/P&ARD എന്നീ ഉത്തരവുകൾ പ്രകാരം ടൈപ്പിസ്റ്റ് കാറ്റഗറിയിൽ 5 വർഷം സേവനവും നിശ്ചിത യോഗ്യതയും ഉള്ളവരും എന്നാൽ യു.ഡി. ടൈപ്പിസ്റ്റ് കാറ്റഗറിയിൽ സേവനമനുഷ്ഠിക്കുന്നതുമായ യു.ഡി.ടൈപ്പിസ്റ്റുമാർക്ക് ഒരു വകുപ്പിലുണ്ടാകുന്ന യു.ഡി. ക്ലാർക്ക് തസ്തികയിലെ ഓരോ 6-ാംമത്തെ റഗുലർ ഒഴിവിലേക്കും തസ്തികമാറ്റ നിയമനം നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം KS & SSRs Part II, ചട്ടം 9 (i) (a) പ്രകാരം യു.ഡി. ടൈപ്പിസ്റ്റുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് താല്ക്കാലിക തസ്തികമാറ്റം അനുവദിക്കാവുന്നതാണ്.

(2) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ യു.ഡി.ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്നവർക്ക് അവരുടെ മാതൃവകുപ്പിലെ സീനിയോറിറ്റിയുടേയും, വകുപ്പുതല പരീക്ഷ വിജയിച്ചതിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ നാളിതുവരെ ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാവുന്നതുമായ ഒരോ 6-ാംമത്തെ ഒഴിവിലേയ്ക്കും മേൽപ്പറഞ്ഞ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് പ്രൊവിഷണലായി മാത്രം യു.ഡി. ക്ലാർക്കായി തസ്തിക മാറ്റം അനുവദിക്കാവുന്നതാണ്.

(3) ഇപ്രകാരമുള്ള തസ്തികമാറ്റം തികച്ചും പ്രൊവിഷണൽ ആയിരിക്കും, കാലക്രമത്തിൽ മിനിസ്റ്റീരിയൽ കേഡർ രൂപീകരിച്ച്, ചട്ടപ്രകാരം സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കി. യോഗ്യതയുടേയും സീനിയോറിറ്റിയുടേയും നിയമന ഊഴത്തിന്റേയും അടിസ്ഥാനത്തിൽ റഗുലർ പ്രൊമോഷൻ നല്കുന്ന മുറയ്ക്ക് ഇവരുടെ പ്രൊവിഷണലായുള്ള തസ്തികമാറ്റ നിയമനത്തിലുണ്ടാകുന്ന സീനിയോറിറ്റിയിലും മാറ്റം വരാവുന്നതാണ്.

.....3

(4) ഇപ്രകാരം തസ്തികമാറ്റം അനുവദിക്കുന്ന ഉദ്യോഗസ്ഥരിൽ, താല്ക്കാലിക സ്ഥാന ക്കയറ്റം വഴി യു.ഡി.ടൈപ്പിസ്റ്റായ ഉദ്യോഗസ്ഥർക്ക് ടി തസ്തികയിൽ റെഗുലറൈസ് ചെയ്യപ്പെടുന്ന തീയതിക്കും യു.ഡി.ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾക്കും ആനുപാതികമായി മാത്രമേ യു.ഡി.ക്ലർക്ക് തസ്തികയിലേയ്ക്ക് താല്ക്കാലികമായി നൽകുന്ന തസ്തികമാറ്റം വഴിയുള്ള നിയമനം റെഗുലറൈസ് ചെയ്യപ്പെടുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം.കെ രമേശൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
3. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

Udayakumar

സെക്ഷൻ ഓഫീസർ